(ബി) വിദേശ മലയാളികൾക്കായി എസ്. എസ്. എൽ. സി-ക്ക് തുല്യമായി പ്രത്യേക പരീക്ഷാ ബോർഡ് രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇതിനു വേണ്ടിയുള്ള പ്രത്യേക പഠന പദ്ധതി തയ്യാറാക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്;

(ഡി) തുല്യതാ പരീക്ഷ പാസ്സാകുന്നവർക്ക് ഉന്നത പഠനത്തിന് പ്രവേശനം നൽകുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ) ഇല്ല.

(ബി, സി & ഡി) എസ്. എസ്. എൽ. സി.-ക്ക് തുല്യമായ പരീക്ഷ നടത്തുന്നതിനുവേണ്ടിയുള്ള ഒരു നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്. അന്തിമതീരുമാനമായിട്ടില്ല.

സർക്കാർ അഭിഭാഷകർ സർക്കാരിന് വരുത്തുന്ന നഷ്ടം ഈടാക്കുന്നതിന് നടപടി

*8 [275] ശ്രീ. ടി. കെ. ദേവകുമാർ:
,, മത്തായി ചാക്കോ:
,, എ. കെ. ബാലൻ:
,, ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:.

(എ) സർക്കാരിനുവേണ്ടി കോടതിയിൽ ഹാജരാകുന്ന അഭിഭാഷകർ അവരുടെ സേവനകാലത്ത് സർക്കാരിനു വരുത്തുന്ന നഷ്ടം ഈടാക്കുന്നതിന് നിയമം നിർമ്മിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) സർക്കാർ അഭിഭാഷകരുടെ വീഴ്ച മൂലം സർക്കാർ വാദിച്ച കേസുകളിൽ തുടർച്ചയായി പരാജയം ഉണ്ടാകുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) പ്രധാനപ്പെട്ട കേസുകളിൽ സർക്കാർ കോടതിയിൽ പരാജയപ്പെടാനുണ്ടായ കാരണം ഈ കേസുകളിൽ ഹാജരായ സർക്കാർ അഭിഭാഷകരുടെ ബോധപൂർവ്വമായ വീഴ്ച മൂലമാണെന്ന് ആക്ഷേപം സംബന്ധിച്ച് അന്വേഷണം നടത്തുമോ എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) ഉണ്ട്.

(ബി) സർക്കാർ അഭിഭാഷകരുടെ വീഴ്ച മൂലം സർക്കാർ വാദിച്ച കേസുകളിൽ തുടർച്ചയായി പരാജയം ഉണ്ടാകുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽ പെട്ടിട്ടില്ല.

(സി) പ്രധാനപ്പെട്ട കേസുകളിൽ സർക്കാർ കോടതിയിൽ പരാജയപ്പെടാനുണ്ടായ കാരണം ഈ കേസുകളിൽ ഹാജരായ സർക്കാർ അഭിഭാഷകരുടെ ബോധപൂർവ്വമായ വീഴ്ച മൂലമാണെന്ന് ആക്ഷേപം ഒന്നും ലഭിച്ചിട്ടില്ല.

ഹൈസ്കൂളുകളിൽ കമ്പ്യൂട്ടർ പഠനം

*9 [276] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:

,, സാജുപോൾ:

,, പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഹൈസ്കൂളുകളിൽ കമ്പ്യൂട്ടർ പഠനം നിർബന്ധമാക്കിയിട്ടുണ്ടോ;

(ബി) ഇതിനുള്ള സംവിധാനം എല്ലാ സ്കൂളുകളിലും ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) കമ്പ്യൂട്ടർ ഏത് പിരീഡിൽ ആണ് പഠിപ്പിക്കേണ്ടതെന്ന് നിശ്ചയിച്ചിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തെ ഏതെങ്കിലും ഹൈസ്കൂളുകളിൽ വൈദ്യുതി ഇല്ലാത്തതു മൂലം കംപ്യൂട്ടർ പഠനം സാദ്ധ്യമല്ലാത്ത അവസ്ഥ ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഇതു പരിഹരിക്കുന്നതിന് ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് ആകെയുള്ള 2422 ഹൈസ്കൂളുകളിൽ (ഗവൺമെന്റ്+എയ്ഡഡ്) 2197 സ്കൂളുകളിൽ കുറഞ്ഞത് 5 കമ്പ്യൂട്ടർ ഉള്ള ലാബ് സ്ഥാപിച്ചിട്ടുണ്ട്. 97 സർക്കാർ ഹൈസ്കൂളുകളിലും 128 എയ്ഡഡ് ഹൈസ്കൂളുകളിലും ഇനിയും കമ്പ്യൂട്ടർ ലാബ് സജ്ജമാക്കാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly